# അധ്യായം ഇരുപത്തിയാറ്

ചേട്ടത്തിയുടെ അപ്പൻ മരിച്ചു. കുറെ നാളായി കിടപ്പായിരുന്നു. മരണവിവരമറിഞ്ഞപ്പോൾ അവരെല്ലാം നാട്ടിലേക്കു തിരിച്ചു. ചേട്ടത്തിയെത്തിയിട്ടുവേണം ശവമടക്ക് നടത്താൻ. ജോയിച്ചായനും ചിന്നമ്മച്ചേടത്തിയും അവർക്കൊപ്പം പോയി. സോമനെ കൊണ്ടുപോകുന്ന കാര്യമൊന്നും ആരും പറഞ്ഞില്ല. അല്ലേലും താനവിടെ ചെന്നിട്ടു എന്തു ചെയ്യാനാ. ചില്ലപ്പോ വീട്ടിൽനിന്നു അപ്പനും അമ്മച്ചിയും മറ്റാരെങ്കിലും വരുമായിരിക്കും. അത്രതന്നെ.

പക്ഷെ ചേട്ടൻ തന്നെ കൊണ്ടുപോകാതിരുന്നതിനു കാരണം മറ്റൊന്നായിരുന്നു. എല്ലാവരും പോയാൽ കടകളുടെ കാര്യം ആരുനോക്കും. ഹോട്ടലടക്കം മൂന്നു കടകളിപ്പോഴുണ്ട്. അതിന്റെ കണക്കും കാര്യങ്ങളും വിശ്വസ്തതോയോടെ നോക്കാൻ ഒരാൾ വേണം. ഹോട്ടലിലെ കാര്യം അപ്പു നോക്കുമെങ്കിലും എല്ലായിടത്തും അവന്റെ കണ്ണെത്തുകയില്ല. ചേട്ടനില്ലാത്തപ്പോൾ ജോയിച്ചായനാണ് എല്ലാം നോക്കുന്നത്. ഇതിപ്പോ ജോയിച്ചായനും നാട്ടിലേക്കു പോകുകയാണല്ലോ. സോമനുള്ളത് അന്നാദ്യമായി തങ്കച്ചനും ഭാര്യക്കും നല്ലതെന്നു തോന്നി. ചേട്ടൻ കടകൾ മാത്രമല്ല. രണ്ടു മൂന്നു ചിട്ടികൾ കൂടി നടത്തുന്നുണ്ടെന്ന് സോമന് അന്നാണ് മനസിലായത്. അതിന്റെ പണം കൂടി പിരിക്കേണ്ടിയിരിക്കുന്നു. ചേട്ടനെക്കുറിച്ചാലോചിച്ചപ്പോൾ അവന് അത്ഭുതം തോന്നി. പണമുണ്ടാക്കാൻ എന്തൊക്കെയാണ് ചേട്ടൻ ചെയ്യുന്നത്. ഒന്നും തട്ടിപ്പും വെട്ടിപ്പുമല്ല. നേരായ മാർഗത്തിലൂടെ കഷ്ടപ്പെട്ടാണ് അയാൾ സമ്പാദിക്കുന്നത്. നല്ല കാശും ചേട്ടന്റെ പക്കലുണ്ടെന്നു മനസിലായി. വെറുതെയല്ല ഇവിടുള്ളവർ ചേട്ടനെ ഇത്രയും കാര്യത്തോടെ കാണുന്നത്.

ചേട്ടനും കുടുംബവും പോയതോടെ ക്വാർട്ടേഴ്സിന്റെ പൂർണ അവകാശി സോമൻ എന്ന മട്ടിലായി. ഏതായാലും അവർ കുറച്ചു നാൾ കഴിഞ്ഞേ വരൂ. അപ്പന്റെ ആവശ്യങ്ങളൊക്കെ കഴിയാതെ ചേടത്തി വരില്ല. ചേട്ടനേയും അവർ വിടില്ല. താനിവിടുള്ള ധൈര്യവും ചേട്ടനുണ്ടാകും. അത്യാവശ്യത്തിനു ചെലവിനുള്ള കാശൊക്കെ ചേട്ടൻ തന്നിട്ടുണ്ട്. അത്യാവശ്യമെങ്കിൽ കണക്കു വച്ച് കടയിലെ പിരിവിൽനിന്നു എടുത്തോളാനും പറഞ്ഞിട്ടുണ്ട്. കാശു മോഷ്ടിക്കില്ലെന്ന വിശ്വാസം ചേട്ടന് തന്നിലുണ്ട്. അതു കൊണ്ടു തന്നെ എല്ലാം കൃത്യമായിരിക്കണമെന്നു സോമനു തോന്നി.

ഹോട്ടലിൽ എല്ലാ സമയവും നിൽക്കേണ്ടതില്ലാത്തതിനാൽ സമയമേറെ കിട്ടുന്നുണ്ട്. രാവിലെ തന്നെ ചിട്ടിപ്പിരിവും ഉച്ച കഴിഞ്ഞ് കടകളിലെ പിരിവും പിന്നെ ഹോട്ടലിലെ കണക്കുമെടുത്താൽ പണി കഴിഞ്ഞു. എങ്കിലും വേറെയൊന്നും ചെയ്യാനില്ലാത്തതിനാൽ ബാക്കി സമയം ഹോട്ടലിൽതന്നെ നിൽക്കും. ഒറ്റയ്ക്കു നടക്കുന്നതിനു ചെറിയ ഭയം

കൂടിയുണ്ട്. മിശ്രയുടെ ആൾക്കാർ എപ്പോഴാണ് മുന്നിലേക്കു വരികയെന്നു പറയാൻ പറ്റില്ല. ഹോട്ടലിൽ സോമനുള്ളത് അപ്പുവിനും മറ്റു പണിക്കാർക്കും ഒരു ധൈര്യമാണ്.

ഓമനയെക്കുറിച്ചു വിവരമൊന്നുമില്ല. പരീക്ഷയാണെന്നു അവൾ കഴിഞ്ഞ കത്തിൽ സൂചിപ്പിച്ചിരുന്നു. അതിന്റെ തിരക്കിലായിരിക്കും. ഒന്നു കാണണമെന്നുണ്ട്. അവിടെ വരെ പോയിവരാനുള്ള ചെലവോർത്തപ്പോൾ പ്രണയം മനസിൽ ഒതുക്കുന്നതാണ് നല്ലതെന്നു തോന്നി. അവൾ പുതിയ ലോകത്താണിപ്പോൾ. പുതിയ കൂട്ടുകാർ. പുതിയ ജീവിതം. ജീവിത വഴിക്കിടയിലെവിടെയോ വച്ചു കണ്ട ഒരുത്തന്റെ ഓർമകൾ അവളിലുണ്ടാകുമോ. ഇല്ല... ഓമന അത്തരക്കാരിയല്ല. തന്നെ മറക്കാൻ അവൾക്കാവില്ല. അവൾ കൂടി ഉപേക്ഷിച്ചാൽ ജീവിതമെന്നത് മുൾക്കിരീടമാകുമെന്നു സോമനറിയാം.

കാര്യങ്ങളൊക്കെ നന്നായി പോകുന്നുണ്ട്. കടകളിലെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ബാക്കി വരുന്ന പണം ബാങ്കിൽ നിക്ഷേപിക്കും. ചെലവിനുള്ളവ മാറ്റിവയ്ക്കും. ചിട്ടിക്കാർ ഒന്നു രണ്ടുപേർ പണം തരാനുണ്ട്. ചിട്ടി നറുക്കെടുപ്പ് ചേട്ടൻ വന്നതിനു ശേഷമേയുള്ളൂ. ഏതായാലും അതിന്റെ പൊല്ലാപ്പില്ല. എന്നാലും കഴിഞ്ഞ മാസത്തെ ചിട്ടിപ്പണം തരാനുള്ളവരുടെ പേരുകൾ ചേട്ടൻ ഓർമ്മിപ്പിച്ചിട്ടുണ്ട്.

അന്ന് ക്വാർട്ടേഴ്സിൽ നിന്നു ഹോട്ടലിലെത്തിയപ്പോഴാണ് വള്ളിക്കുന്നം രാജനെ കണ്ടത്. ചേട്ടന്റെ കൂട്ടുകാരനാണ്. സോമനുമായി അത്ര പരിചയം പോരാ. അയാളും ചിട്ടിയിൽ ചേർന്നിട്ടുണ്ട്. കാശു തരാനുള്ളവരുടെ കണക്കിൽ രാജന്റെ പേരുമുണ്ട്. ഭക്ഷണം കഴിച്ചു കൗണ്ടറിൽ കാശു തരാൻ വന്നപ്പോൾ ചിട്ടിപ്പണത്തിന്റെ കാര്യം സോമൻ ചോദിച്ചു. രാജന് ആ ചോദ്യം ഇഷ്ടപ്പെട്ടില്ല. അയാൾ അവനെ തറപ്പിച്ചു നോക്കി. മദ്യത്തിന്റെ ഗന്ധം സോമന്റെ മുഖത്തേക്കടിച്ചു. രാജൻ നല്ലപോലെ മദ്യപിച്ചിട്ടുണ്ട്. കണ്ണുകൾ ചുവന്നു കലങ്ങിയിരിക്കുന്നു.

നീയാരടാ പൊലയാടി മോനേ എന്നോട് ചിട്ടിക്കാശ് ചോദിക്കാൻ....

രാജന്റെ ചോദ്യം കേട്ട് സോമൻ ആകെ തണുത്തുറഞ്ഞു പോയി. ഇതെന്തു ലോകം ഇയാളെ കാണുമ്പോഴെല്ലാം എന്തൊരു മാന്യനാണ്. മലയാളികളുടെ പരിപാടികളിലെല്ലാം സജീവമായി കാണാറുണ്ട്. എങ്കിലും റാഞ്ചിയിലെ അത്യാവശ്യം ചട്ടമ്പികളുമായ രാജനു കൂട്ടുള്ളതായും കേട്ടിട്ടുണ്ട്. അത്തരത്തിൽ കൂട്ട് തന്റെ ചേട്ടനുമുണ്ട്. ഇവിടെ പിടിച്ചുനിൽക്കണമെങ്കിൽ അത് വേണം താനും. വയറ്റിൽ കിടക്കുന്ന കള്ളിന്റെ സ്വഭാവമാണ് രാജനിപ്പോഴെന്നു സോമനു മനസിലായി.

നീ ആരെന്നാ വിചാരം.... അവന്റമ്മേടെ ചിട്ടിക്കാശ്....- രാജൻ നിർത്താൻ ഒരുക്കമല്ലായിരുന്നു. അവൻ തെറിയും തേപ്പും തുടർന്നു.

സോമന്റെ പെരുവിരലിൽനിന്നും ഒരു പെരുപ്പ് പടർന്നു കയറി. രാജന്റെ വാക്കുകൾക്കു മറുപടിയായി സോമന്റെ വായിൽനിന്നും ഒന്നും ഉയർന്നില്ല. പക്ഷെ അവൻ മേശയുടെ മുകളിലേക്കു ചാടിക്കയറി. വലതു കാൽ ഉയർത്തി രാജന്റെ നെഞ്ചിനു തൊഴിച്ചു. അയാൾ വാഴ വെട്ടിയിട്ടപോലെ നിലത്തേക്കു മലർന്നടിച്ചു വീണു. സോമൻ താഴെ ചാടിയിറങ്ങി വീണു കിടക്കുന്ന രാജന്റെ കഴുത്തിൽ ചവുട്ടിപ്പിടിച്ചു. ശ്വാസം വിടാനാവാതെ രാജൻ പിടഞ്ഞു. അപ്പുവും പണിക്കാരുമെത്തിയാണ് സോമനെ പിന്തിരിപ്പിച്ചത്. അവർ സോമനെ ഒരുകണക്കിനു പിടിച്ചുമാറ്റി കസേരയിലിരുത്തി. രാജനാകട്ടെ എഴുന്നേൽക്കാൻ കൂടി വയ്യാതെ തറയിൽകിടന്നു ഞെരങ്ങി. മേശയിൽ പിടിച്ചെഴുന്നേറ്റ അയാൾ നെഞ്ചിൽ തടവി ആക്രോശിച്ചു.

നീയെന്നെ തല്ലിയല്ലേ.... കരുതിയിരുന്നോ... നിനക്കുള്ളത് വച്ചിട്ടുണ്ട്...

ഒന്നു പോടാ പേടിപ്പിക്കാതെ....- സോമൻ വീണ്ടും ചാടിയെഴുന്നേറ്റെങ്കിലും അപ്പു പിന്നേയും തടഞ്ഞു.

രാജൻ ഹോട്ടലിനു മുന്നിലുള്ള റിക്ഷയിൽ കയറി. ആദ്യമായിട്ടാണ് രാജനെ ഒരുത്തൻ ഇങ്ങനെ ആക്രമിക്കുന്നത്. റാഞ്ചിയിലെ മലയാളികളുടെ മുന്നിൽ അൽപം പ്രമാണിയായിട്ടായിരുന്നു അയാൾ കഴിഞ്ഞിരുന്നത്. ഇതിപ്പോൾ എത്രപേരുടെ മുന്നിൽവച്ചാണ് ആ ചെറുക്കൻ തന്നെ ചവിട്ടി വീഴ്ത്തിയത്. തിരിച്ചടിക്കാൻ ഒന്നു കൈ പൊക്കാൻ പോലും കഴിഞ്ഞില്ല. തന്റെ മാനം കളഞ്ഞു ആ ചെക്കൻ. തങ്കച്ചൻ വരുന്നതിനു മുമ്പ് ആ പയ്യന്റെ അഹങ്കാരം അവസാനിപ്പിക്കണം. തങ്കച്ചൻ വന്നാൽപ്പിന്നെ കൂടുതലായൊന്നും ചെയ്യാൻ പറ്റില്ല. അവന്റെ അനിയനായി പോയില്ലേ. പിന്നെയെല്ലാം പറഞ്ഞു തീർക്കലേ ഉണ്ടാകൂ. തങ്കച്ചനെ ധിക്കരിച്ചു രാജനൊന്നും ചെയ്യാനാവില്ല. ഒരുപാട് തവണ സഹായിച്ചിട്ടുള്ളവനാണ് തങ്കച്ചൻ.

രാജൻ നേരെ പോയത് കൊല്ലത്തുകാരൻ സുകുമാര പിള്ളയുടെ വീട്ടിലേക്കാണ്. മലയാളികളുടെ പ്രശ്നങ്ങളിലെല്ലാം ഇടപെടുന്നത് പിള്ളയാണ്. പിള്ളയെപ്പോലെ ഒന്നു രണ്ടുപേരുള്ളതുകൊണ്ടാണ് റാഞ്ചിയിലെ മലയാളികളെ സ്വദേശികൾ ഉപദ്രവിക്കാത്തത്. അവിടത്തെ മൂന്നു ചട്ടമ്പികളെയാണ് പിള്ള തല്ലിയൊതുക്കിയിട്ടുള്ളത്. അതോടെ പിള്ളയും ചട്ടമ്പിയായി. മറ്റു ചട്ടമ്പികളുമായി നല്ല ബന്ധവുമുണ്ട്.

രാജൻ വിവരങ്ങളെല്ലാം പിള്ളയോട് പറഞ്ഞു. മിശ്രയെ തല്ലിയതും പിള്ള അറിഞ്ഞിരുന്നു. എങ്കിലും തങ്കച്ചന്റെ അനുജനാണെന്നുള്ളത് പിള്ളയ്ക്കും പ്രശ്നമായിരുന്നു. ആ ചെക്കൻ പ്രശ്നക്കാരനല്ലെന്നാണ് അയാളുടെ അറിവ്. കൂടാതെ ഇത്തിരി എഴുത്തും നാടകവുമൊക്കെ കയ്യിലുണ്ടല്ലോ. പിള്ളയ്ക്കാണേൽ എഴുത്തുകാരോട് ഇത്തിരി മമത കൂടുതലാ. കയ്യിൽ കാശു തടയുമ്പോൾ നല്ല പുസ്തകങ്ങൾ വാങ്ങാനും അയാൾ മടിക്കാറില്ല.

രാജൻ... ഇതെല്ലാം ആ പയ്യന്റെ വിവരക്കേടാണെന്നു കരുതിയാൽ പോരെ..- പിള്ള ചോദിച്ചു.

പിള്ളച്ചേട്ടാ... എന്താ ഈ പറയുന്നേ... അവൻ എന്നെ തല്ലിയതു പോട്ടെ.. മിശ്രയെ വരെ അടിച്ചോടിച്ചില്ലേ. ഇതിങ്ങനെ വിട്ടാൽ നമ്മളൊക്കെ വീട്ടിനകത്തു കുത്തിയിരിക്കേണ്ടി വരും... അപ്പോഴും പറയും അവൻ പയ്യനാണെന്ന്...

തങ്കച്ചൻ വന്നിട്ടു പോരായോ രാജാ, എന്തെങ്കിലും ചെയ്യാൻ....

തങ്കച്ചൻ വന്നാൽപ്പിന്നെ എനിക്കൊന്നും ചെയ്യാൻ ഒക്കത്തില്ല.. എന്നെ ചവിട്ടിയതിനു എനിക്കു പകരം ചെയ്യണം.... ഞാനെന്തെങ്കിലും ചെയ്യിപ്പിച്ചാൽ ചേട്ടൻ നാളെ പറയും ഒന്നു പറഞ്ഞില്ലല്ലോയെന്നു. ചേട്ടൻ പറഞ്ഞിട്ടേ ഞാനെന്തെങ്കിലും ചെയ്യൂ.... അതു കൊണ്ടാ ഇങ്ങോട്ടു തന്നെ പോന്നത്...

രാജൻ പറയുന്നതിലും കാര്യമുണ്ടെന്നു പിള്ളയ്ക്കു തോന്നി. നാളെ തന്നേയും ഈ പയ്യൻ അപമാനിച്ചാലോ. ഇപ്പോഴുള്ളവരെല്ലാം താൻ പറയുന്നത് ബഹുമാനത്തോടെയും പേടിയോടെയും കേൾക്കുന്നവരാണ്. അല്ലാത്ത ഒരുത്തനെ ഈ നഗരത്തിൽ വളർത്തുന്നത് ശരിയല്ല.

അവനെ രണ്ടു പൊട്ടിച്ചാൽ പോരെ... അതിനു രാജനിനി മെനക്കെടേണ്ട. ഇയാളു ധൈര്യമായിട്ടു പൊയ്ക്കോ... ഞാൻ നമ്മുടെ കുട്ടനെ വിട്ടേയ്ക്കാം... ആ ചെക്കനുള്ള കണക്ക് ഇനി നീട്ടി വയ്ക്കേണ്ട...

രാജന്റെ മുഖത്ത് ചിരിപടർന്നു. കുട്ടൻ പിള്ളയുടെ ചേട്ടന്റെ മകനാണ്. ഇളയച്ഛനൊപ്പം റാഞ്ചിയിൽ താമസിക്കുകയാണ്. പ്രത്യേകിച്ചു പണിയൊന്നുമില്ല. പിള്ളയുടെ കാര്യങ്ങളൊക്കെ നോക്കി നടത്തുന്നു. പിള്ളയ്ക്കു ടൗണിൽ ഒര പലചരക്കു കടയുണ്ട്. അതിന്റെ മേൽനോട്ടം ഇപ്പോൾ കുട്ടനാണ് നടത്തുന്നത്. എങ്കിലും പ്രധാനമായും പിള്ളയ്ക്കുവേണ്ടി തല്ലുനടത്തുകയാണ് പണി. കഷണ്ടി കയറിയ തലയിൽ രാജൻ ആശ്വാസത്തോടെ തടവി. എങ്കിലും സോമന്റെ ചവിട്ടിന്റെ വേദന നെഞ്ചിൽ തങ്ങിനിൽക്കുകയാണ്.